# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1177** **31.10.2019 ൽ മറുപടിക്ക്**

## ദേശീയപാത 66-ന്റെ വികസനം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളവും കേന്ദ്ര ഉപരിതലഗതാഗത മന്ത്രാലയവും ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായോ; | (എ) ദേശീയപാതാ 66 ന്റെ വികസനവുമായി ബന്ധപ്പെട്ട് കേരളവും, കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ദേശീയപാതയുടെ വീതി ഇതു പ്രകാരം 45 മീറ്ററായിരിക്കുമോ; എത്ര കിലോമീറ്റർ ദൈർഘ്യമാണ് ഈ ദേശീയ പാതയ്ക്കുണ്ടാകുക; ഇതിനായി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; സംസ്ഥാനം എത്ര കോടി രൂപ ഇതിനായി വിനിയോഗിക്കുമെന്ന് അറിയിക്കാമോ; | (ബി) ദേശീയപാതയുടെ വീതി 45 മീറ്റർ ആയി വികസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം ഈ ദേശീയപാതയ്ക്ക് 570.75 കി.മീ ദൈർഘ്യമാണുള്ളത്. സ്ഥലമേറ്റെടുപ്പിനായി വേണ്ടി വരുന്ന തുകയുടെ 25% വിഹിതം സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. അതു പ്രകാരം NH 66 ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. മൊത്തം ചെലവ് എൻ.എച്ച്.എ.ഐ ലഭ്യമാക്കിയിട്ടില്ല . |
| (സി) എത്ര ഏക്കർ ഭൂമി ഇതിനായി ഏറ്റെടുക്കേണ്ടി വരും; ഇതിനായി എത്ര പേരെ കുടി ഒഴിപ്പിക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു രണ്ടും നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്തെ ദേശീയപാത വികസനത്തിന് **3425.096** ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ **1986.369** ഹെക്ടർ ഭൂമി സർക്കാരിന്റെ കൈവശം ഉണ്ട്. ബാക്കി **1438.737** ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ **659.557** ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും,**548.192** ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും,**302.163** ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഇനിയും ഒഴിപ്പിക്കേണ്ടവരുടെ വിവരങ്ങൾ CALA മൂല്യ നിർണ്ണയം നടത്തി വരുന്നു. ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക RFCTLARR Act 2013 പ്രകാരം നൽകി വരികയാണ്. |

| | | |
|---|---|---|
| (ഡി) | പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകമെന്ന് അറിയിക്കാമോ? | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നും വില തഹസിൽദാർ (CALA) മാരെ നിയമിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്. എന്നത്തേക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാനാവില്ല. |

**സെക്ഷൻ ഓഫീസർ**